## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3799 25.6.2013- ലെ മറുപടിക്ക്

## വാറ്റ് രജിസ്ട്രേഷൻ ഒറ്റത്തവണ പദ്ധതി

| ചോദ്യം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.പി. വിൻസെന്റ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാണിജ്യ നികുതി വകുപ്പ് നടപ്പാക്കുന്ന വാറ്റ് രജിസ്ട്രേഷൻ ഒറ്റത്തവണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി 'പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30, 2013 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മൂല്യ വർദ്ധിത നികുതി ഒരു ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട വില്പനയ്ക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തുന്നത്. രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യതയുള്ളവർ രജിസ്ട്രേഷൻ എടുക്കാതിരിക്കുന്നതുകാരണം ആ വില്പനയിന്മേലുള്ള മൂല്യവർദ്ധന നികുതിയിൽ നിന്നും രക്ഷപ്പെടുന്നു. രജിസ്ട്രേഷനെടുക്കാത്ത ഇത്തരം ഡീലർമാരെ മൊത്തവ്യാപാരികൾ അവരുടെ കണക്കിൽപ്പെടാത്ത ചരക്കുകളുടെ വിൽപനയ്ക്കുള്ള മാർഗ്ഗമായി ഉപയോഗിക്കാൻ സാധ്യതയുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിനും നികുതി സ്രോതസ്സുകൾ വിശാലമാക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് ഈ പദ്ധതി വഴി വ്യാപാരികൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ നികുതി ബാദ്ധ്യതയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചില വ്യവസ്ഥകൾക്ക് വിധേയമായി ഇവരുടെ മുൻകാല നികുതി ബാദ്ധ്യതയെപ്പറ്റിയുള്ള അന്വേഷണം ഉണ്ടായിരിക്കുകയില്ല. ഇറക്കുമതിക്കാർ, ഉല്പാദകർ, വർക്ക്സ് കോൺട്രാക്റ്റർമാർ എന്നിവർക്ക് ഈ പദ്ധതി ബാധകമല്ല. 1/4/2013-ന് മുമ്പ് ആരംഭിച്ച വകുപ്പുതല നടപടി നേരിടുന്ന ഡീലർമാർക്കും ഈ പദ്ധതി ബാധകമല്ല. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങലൾ എന്തെല്ലാം ? | (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളെ ബോധവൽക്കരിക്കുന്നതിനായി വിവിധ വ്യാപാര സംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ ജില്ലാതലങ്ങളിൽ നടന്നുവരുന്നു. കൂടാതെ വിവധ വാർത്താ മാദ്ധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നല്കി ബോധവൽക്കരിക്കുന്നതിനുള്ള നടപടിക്ക് തുടക്കമായിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധിക്കുശേഷവും രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികൾക്ക് എതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ